(സി) 2010 ലെ കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ഒറ്റ, രണ്ട്, മൂന്ന് അക്കങ്ങൾ അടിസ്ഥാനമാക്കി സമ്മാനങ്ങൾ നൽകുന്നത് നിയമ വിരുദ്ധമാണ്. നാല് അക്കത്തിൽ പരമാവധി സമ്മാനങ്ങൾ നൽകുന്നുണ്ട്.

കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്

178 (4532) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും നടത്തിയ നിയമനങ്ങളെക്കുറിച്ചും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

കെ.എഫ്.സി.യുടെ പലിശ നിരക്ക്

179 (4533) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എഫ്.സി. നൽകുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) വ്യവസായ സംരംഭങ്ങൾക്കായി വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വന്നവരെ ജപ്തി നടപടിയിൽ നിന്ന് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പയെടുത്ത സംഖ്യ തിരിച്ചടവ് ഇല്ലാതെ ലാപ്സായി മാറികിടക്കുന്ന അവസരത്തിൽ മുതലിന്റെ എത്ര ഇരട്ടി സംഖ്യ വരെ തിരിച്ചടപ്പിക്കാറുണ്ട് ; മറ്റ് സ്ഥാപനങ്ങളിൽ ചെയ്യാറുള്ളതുപോലെ മുതലിന്റെ ഇരട്ടിയിൽ കൂടുതൽ ഈടാക്കരുത് എന്ന തത്വം നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly